E-mail: catholicos@mosc.in
officeofthecatholicos@mosc.in

TELEPHONE: 0481-2574323, 2578500
Website: www.mosc.in

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 004
KERALA, INDIA

**No. MOSC/CMM/120/2022** **March 31, 2022**

കർത്താവിൽ നമ്മുടെ കൊച്ചി മെത്രാസനാധിപൻ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം!

സ്നേഹമുള്ള ആബൂനെ,
2022 ഓഗസ്റ്റ് മാസം 04-ാം തീയതി കൂടുന്നതിന് നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിലേക്കും പിന്നീട് നടത്തേണ്ടി വരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ചോ അസ്സോസിയേഷൻ സെക്രട്ടറി പ്രസിദ്ധപ്പെടുത്തുന്ന പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സംബന്ധിച്ചോ അസ്സോസിയേഷനിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ് സംബന്ധിച്ചോ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടായാൽ അത് കേട്ട് തീരുമാനം ചെയ്യുന്നതിന് ആബൂൻ അദ്ധ്യക്ഷനായും താഴെ പറയുന്നവർ അംഗങ്ങളായും ഉള്ള ഒരു ട്രിബ്യൂണലിനെ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ നടപടിച്ചട്ടങ്ങൾ പ്രകാരം, ഈ കൽപന മുതൽ ഇനിയൊരു കൽപനയിലൂടെ പുതിയൊരു ട്രിബ്യൂണൽ രൂപീകരിക്കപ്പെടുന്നതു വരെ, നാം നിയമിച്ചിരിക്കുന്നു.

1. ഫാ. ഏബ്രഹാം കാരാമേൽ
2. ഡോ. രാജു ഫിലിപ്
3. അഡ്വ. കുളങ്ങര മാത്യൂസ് കോശി
4. അഡ്വ. ജോസഫ് ജോൺ

ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾ അസ്സോസിയേഷൻ സംബന്ധിച്ച് നാം പുറപ്പെടുവിക്കുന്ന നടപടി ചട്ടങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്. ട്രിബ്യൂണൽ യോഗങ്ങൾ 2022 മെയ് മാസം 24, 27, 28 (ചൊവ്വ, വെള്ളി, ശനി) തീയതികളിലും, ജൂൺ മാസം 1-ാം തീയതി ബുധനാഴ്ചയും 24-ാം തീയതി വെള്ളിയാഴ്ചയും ജൂലൈ മാസം 20-ാം തീയതി ബുധനാഴ്ചയും പകൽ 9 മണി മുതൽ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ ചേരേണ്ടതാണ്.

ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽ തന്നെ നിശ്ചയിക്കേണ്ടതും, ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതും ആകുന്നു.

കർത്താവിൽ നമ്മുടെ സ്നേഹം

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

പകർപ്പ്

1. ട്രിബ്യൂണൽ അംഗങ്ങൾ
2. അഡ്വ. ബിജു ഉമ്മൻ, അസ്സോസിയേഷൻ സെക്രട്ടറി